പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1781

01.11.2019-ൽ മറുപടിയ്ക്ക്

## കാസർഗോഡ് ജില്ലയിൽ എൻജിനീയറിംഗ് കോളേജ്

*ചോദ്യം*

ശ്രീ.കെ.കുഞ്ഞിരാമൻ

*ഉത്തരം*

ഡോ.കെ.ടി. ജലീൽ

(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | കാസർഗോഡ് ജില്ലയിലെ പൊവ്വൽ എൽ.ബി.എസ്. എൻജിനീയറിംഗ് കോളേജിന്റെ ആൺകുട്ടികൾക്കായുള്ള ഹോസ്റ്റൽ നിർമ്മാണത്തിന് തുക അനുവദിച്ചിട്ടുണ്ടോ എന്നറിയിക്കാമോ; | (എ) | ഉണ്ട്. ഹോസ്റ്റൽ നിർമ്മാണത്തിന് 2018-19 സാമ്പത്തിക വർഷത്തിൽ 60 ലക്ഷം രൂപ പ്ലാൻ ഫണ്ടിൽ അനുവദിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തിയ്ക്ക് അനുമതി നൽകിയിട്ട് എത്ര മാസമായിയെന്നും ഏത് ഏജൻസി മുഖേനയാണ് പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതെന്നും നിലവിൽ ഈ പ്രവൃത്തിയുടെ സ്ഥിതി എന്താണെന്നും വിശദമാക്കാമോ? | (ബി) | 09/05/2018-ലെ സ.ഉ.(സാധാ) നം. 923/2018/ഉ.വി.വ. പ്രകാരമാണ് അനുമതി നൽകിയിട്ടുള്ളത്. പ്രസ്തുത പ്രവൃത്തി ചെയ്യുവാൻ കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡിനെയാണ് ഏൽപ്പിച്ചിരിക്കുന്നത്. പ്ലാൻ, എസ്റ്റിമേറ്റ്, ഡിസൈൻ എല്ലാം തയ്യാറാക്കിയിട്ടുണ്ട്. 20/05/2019-ൽ കൂടിയ വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗിൽ സാമ്പത്തിക പരിമിതിമൂലം മേൽ പറഞ്ഞ പ്രവൃത്തി മാറ്റിവെക്കുവാൻ സർക്കാർ നിർദ്ദേശിച്ചിട്ടുള്ളതിനാൽ ഇക്കാര്യത്തിൽ തുടർനടപടികൾ ഉണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ